# അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതി സെമിനാർ

(ഷെവലിയാർ ചെറിയാൻ വേങ്കടത്ത്,  ജനറൽ സെക്രട്ടറി)

പരിശുദ്ധ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ രക്ഷാധികാരിയും, അമേരിയ്ക്കൻ അതിഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത പ്രസിഡൻറും, വന്ദ്യ സാബു  തോമസ് കോറെപ്പിസ്കോപ്പ ചോറാറ്റിൽ വൈസ് പ്രസിഡൻറും ആയി മലങ്കര അതിഭദ്രാസനത്തിൻെറ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന ഭക്ത സംഘടനയാണ് അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതി.

ആദിമ നൂറ്റാണ്ടു മുതൽ അഭംഗൂരം കാത്തു സൂക്ഷിയ്ക്കുന്ന വിശ്വാസവും പാരമ്പര്യങ്ങളുമാണ് സുറിയാനി സഭയുടെ ശക്തിയും നിലനിൽപ്പും. ആ സത്യ വിശ്വാസം തലമുറകൾ കൈമാറി വന്നപ്പോൾ ഇരുപതാം നൂറ്റാണ്ടിൻെറ അവസാനത്തിൽ വിശുദ്ധ പിതാക്കന്മാർ കൈമാറിത്തന്ന സത്യവിശ്വാസത്തിനു എവിടെയൊക്കെയൊ ശോഷണവും കലർപ്പുകളും ഉണ്ടായിട്ടുണ്ട്. അതു മുഴുവനും ശുദ്ധികരിയ്ക്കുവാൻ ഈ സമിതിയ്ക്ക് പെട്ടന്ന് സാധിയ്ക്കുകയില്ലങ്കിൽ തന്നെയും ക്രമേണ അതു സാധിയ്ക്കും എന്നുള്ള ഉറച്ച വിശ്വാസത്തോടു കൂടിയാണ് ഈ സമിതിയുടെ പ്രവർത്തനങ്ങൾ.  സത്യവിശ്വാസം കാത്തു സൂക്ഷിക്കുവാൻ ഈ സമിതി എന്നും പ്രതിജ്ഞാബദ്ധരാണ്.

വേദപുസ്തക വ്യാഖ്യാനാധികാരം എന്ന വിഷയത്തെ ആസ്പദമാക്കി, ഷിക്കാഗോയിലുള്ള സുറിയാനി ഇടവകാംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്, ഓക്ക് പാർക്കിലുള്ള സെൻറ് ജോർജ്ജ് സുറിയാനിപ്പള്ളിയിൽ വച്ച് ഒക്റ്റോബർ 31-ാം തിയതി, ശനിയാഴ്ച്ച വൈകുന്നേരം  6 ½  മണിയ്ക്ക് സന്ധ്യാപ്രാർദ്ധനയോടുകൂടി സെമിനാർ ആരംഭിയ്ക്കും. സെൻറ് ജോർജ്ജ് ഇടവക വികാരി ബഹുമാനപ്പെട്ട ലിജു പോൾ അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്ത് പ്രസംഗിയ്ക്കു. സെൻറ് മേരീസ് ഇടവക വികാരി ബഹുമാനപ്പെട്ട മാത്യു കരുത്തലയ്ക്കൽ അച്ചൻ, ഭദ്രാസന കൗൺസിൽ മെമ്പർ സെറിൻ മത്തായി, സെൻറ് മേരീസ് ഇടവകാംഗം മാത്യു കുര്യാക്കോസ് എന്നിവർ ഈ സംരംഭത്തിന് ആശംസകൾ അർപ്പിയ്ക്കും. അന്ത്യോഖ്യ വിശ്വാസസം രക്ഷണ സമിതിയുടെ ജനറൽ സെക്രട്ടറി ഷെവലിയാർ ചെറിയാൻ വേങ്കടത്ത് സെമിനാർ നയിയ്ക്കും. സെൻറ് ജോർജ്ജ് ഇടവക സെക്രട്ടറി എല്ലാവർക്കും നന്ദിപ്രകടിപ്പിച്ച് പ്രസംഗിയ്ക്കും. 9 മണിയോകൂടി യോഗം പര്യവസാനിയ്ക്കും.